## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം.2014      07/03/2017-ൽ മറുപടിക്ക്

### കൊട്ടാരക്കര ഫയർ സ്റ്റേഷൻ

| ചോദ്യം<br>ശ്രീമതി.പി. അയിഷാ പോറ്റി | മറുപടി<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| എ) കൊട്ടാരക്കര ഫയർ സ്റ്റേഷൻ സ്ഥാപിതമായതിനു ശേഷം അതിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ; | എ) കൊട്ടാരക്കര ഫയർ സ്റ്റേഷന് വേണ്ടി കെ.ഐ.പി.യുടെ സ്ഥലം പരിശോധിച്ചിരുന്നുവെങ്കിലും നാളിതുവരെ സ്വന്തമായി സ്ഥലം ലഭിച്ചിട്ടില്ല. നിലവിൽ മുനിസിപ്പാലിറ്റിവക കെട്ടിടത്തിൽ വാടക രഹിതമായി നിലയം പ്രവർത്തിച്ചുവരുന്നു. ടി സ്റ്റേഷന് 3 വാട്ടർ ടെണ്ടറും, ഒരു ആംബുലൻസും ആവശ്യം വേണ്ട ജീവൻ രക്ഷാ ഉപകരണങ്ങളും അനുവദിച്ചിട്ടുണ്ട്. |
| ബി) അടിയന്തിര രക്ഷാപ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കാത്തത് നിലയത്തിന്റെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) അടിയന്തിര രക്ഷാ പ്രവർത്തനങ്ങൾക്ക് അത്യാവശ്യം വേണ്ട ഉപകരണങ്ങൾ സ്റ്റേഷനിൽ അനുവദിച്ചിട്ടുണ്ട്. |
| സി) നിലയത്തിലേക്ക് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് ഉചിതമാർഗേന നൽകിയ നിവേദനത്തിൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ? | സി) കൂടുതൽ ഉപകരണങ്ങൾ വകുപ്പിലേക്ക് വാങ്ങി ലഭ്യമാകുന്ന മുറയ്ക്കും ആവശ്യകത കണക്കിലെടുത്തും മറ്റു നിലയങ്ങളോടൊപ്പം കൊട്ടാരക്കര നിലയത്തിലേക്ക് നൽകുന്നകാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ